**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5695** **08-07-2024 - ൽ മറുപടിയ്ക്ക്**

**ചെട്ടിക്കാട് ആശുപത്രിയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ ചെട്ടിക്കാട് ആശുപത്രിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിലെ ചെട്ടിക്കാട് താലൂക്ക് ആശുപത്രിയുടെ സിവിൽ ജോലികൾ 36% പൂർത്തിയായി. 'എ' ബ്ലോക്കിലെ 1-ാം നില മുതൽ 4-ാം നിലവരെ ഫ്ലോർ സ്ലാബ് പൂർത്തിയായി. 4-ാം നിലയിലെ കോളം കാസ്റ്റിംഗ് പുരോഗമിക്കുന്നു. ഈസ്റ്റ് സൈഡ് പർഗോള ഷട്ടറിംഗും സ്റ്റീൽ പണിയും പുരോഗമിക്കുന്നു. ബ്ലോക്ക് വർക്ക് 1-ാം നില 60% പൂർത്തിയായി. ഗ്രൗണ്ട് ഫ്ലോർ പ്ലിന്ത് പിസിസി പൂർത്തിയായി. 4-ാം നിലയിലെ സ്റ്റെയർ ഷട്ടറിംഗും സ്റ്റീൽ ജോലിയും പുരോഗമിക്കുന്നു.<br><br>'ബി' ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ളോർ മുതൽ ടെറസ്സ് ഫ്ളോർ വരെയുള്ള ഫ്ലോർ സ്ലാബ് പൂർത്തിയായി. ബ്ലോക്ക് വർക്ക് ഗ്രൗണ്ട് ഫ്ളോർ മുതൽ 4-ാം നിലവരെ (80%) പൂർത്തിയായി. ഇന്റേണൽ പ്ലാസ്റ്ററിംഗ് 1-ാം നില മുതൽ 3-ാം നില വരെ പൂർത്തിയായി. പുറം ഭിത്തികളുടെ പ്ലാസ്റ്ററിംഗ് മുൻ വശം ഒഴികെ മറ്റ് മൂന്ന് വശങ്ങൾ പൂർത്തിയായി. പെയിന്റിംഗ് അനുബന്ധ ജോലികൾ 1-ാം നിലമുതൽ 3-ാം നിലവരെ 80% പൂർത്തിയായി. വെസ്റ്റ് സൈഡ് കാർ പോർച്ച് സ്ലാബ് ഷട്ടറിംഗ് ജോലി പുരോഗമിക്കുന്നു. ഹെഡ്റൂം സ്ലാബ് ഷട്ടറിംഗ് ജോലി പുരോഗമിക്കുന്നു. ഗ്രൗണ്ട് ഫ്ലോർ പ്ലിന്ത് പിസിസി പൂർത്തിയായി. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ ആവശ്യത്തിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ബി) | ചെട്ടിക്കാട് താലൂക്ക് ആശുപത്രിക്കായി 2.95 ഏക്കർ ഭൂമി വാങ്ങുന്നതിനായി 8.19 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നു. ടി ആശുപത്രിയുടെ അപ്രോച്ച് റോഡ് വീതി കൂട്ടാൻ 8.5സെന്റും ഓഫ് സൈറ്റിനായുള്ള 10 സെന്റും നിർമ്മാണം നടന്നു വരുന്ന കെട്ടിടത്തെ നിലവിലുള്ള കെട്ടിടവുമായി ബന്ധിപ്പിക്കുന്ന ഇടനാഴിക്കായി 6 സെന്റും ഉൾപ്പെടെ ആകെ 24.5 സെന്റ് ഭൂമി ആവശ്യമുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുവാനുള്ള നടപടികൾ കിഫ്ബി, ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | പഞ്ചായത്ത്, റവന്യൂ എന്നീ വകുപ്പുകൾ ചേർന്ന് സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ കേന്ദ്രസർക്കാരിന്റെ ഏതൊക്കെ പ്രോജക്ടുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ കേന്ദ്രസർക്കാരിന്റെ പ്രോജക്ടുകളൊന്നും തന്നെ ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നില്ല. എന്നാൽ ആലപ്പുഴ ജില്ലയിലെ സി.എച്ച്.സി ചെട്ടിക്കാട്-ൽ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടു കൂടി മോഡൽ റൂറൽ ഹെൽത്ത് റിസർച്ച് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കിഫ്ബി ധന സഹായത്തോടെ നടത്തുന്ന കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന വിവിധ പദ്ധതികളും നടപ്പിലാക്കുന്നതാണ് |

സെക്ഷൻ ഓഫീസർ